**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **01-02-2024 - ൽ മറുപടിയ്ക്ക്**

**മക്കിമലയിലെ പട്ടയപ്രശ്നം പരിഹരിക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ മക്കിമല പ്രദേശത്തെ പട്ടയപ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മാനന്തവാടി താലൂക്കിലെ സർവ്വെ നമ്പർ 68/1 ബി, 90/1എന്നീ സർവ്വെ നമ്പറുകളിലായാണ് തവിഞ്ഞാൽ വില്ലേജിലെ മക്കിമല വിഷയം സംബന്ധിച്ച ഭൂമി സ്ഥിതി ചെയ്യുന്നത്. മക്കിമല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ കൈവശക്കാരുടെ വിവരങ്ങൾ, കൈവശമുള്ള ഭൂ രേഖകൾ നിലവിലെ കൈവശ ഭൂമിയിലെ സംരക്ഷിത ( സർക്കാർ ) മരങ്ങളുടെ വിവരങ്ങൾ തുടങ്ങിയവയുടെ വിവരശേഖരണത്തിനായി പ്രത്യേക ടീമിനെ നിയോഗിച്ച് ജില്ലാ കലക്ടർ ഉത്തരവായിട്ടുള്ളതും ആയത് പ്രകാരം ടീം അംഗങ്ങൾ ഫീൽഡിൽ വിവര ശേഖരണം നടത്തി വരുന്നതുമാണ്. മക്കിമല ഉൾപ്പെട്ട തവിഞ്ഞാൽ വില്ലേജ് റിസർവെ കഴിയാത്ത വില്ലേജാണ്. മക്കിമലയിൽ പട്ടയം നൽകേണ്ട പ്രദേശം 68/1ബി (662.65 ഏക്കർ), 90/1 (327.47 ഏക്കർ) എന്നീ സർവ്വെ നമ്പറുകളിലായി ആകെ 990.12 ഏക്കർ ഉൾപ്പെട്ടുവരുന്ന ഭൂമിയിലാണ് സ്ഥിതിചെയ്യുന്നത്. പട്ടാളക്കാർക്ക് വർഷങ്ങൾക്ക് മുമ്പ് പതിച്ചു നൽകിയതും പിന്നീട് അവർ കൈവശം വെക്കാത്തതിനെ തുടർന്ന് കയ്യേറി കൈവശം വെച്ചു വരുന്നവരുമായ ആളുകളാണ് പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളത്. . ഇവർക്ക് പട്ടയം നൽകണമെങ്കിൽ മുൻ പതിവ് നിയമാനുസൃതം റദ്ദ് ചെയ്യേണ്ടതുണ്ട്. 990.92 ഏക്കർ ഭൂമി റീസർവ്വെ കഴിയാത്തത് കൊണ്ട് തന്നെ നിലവിലെ സ്കെച്ച് പ്രകാരം 2 പ്ലോട്ടുകളായാണ് (സർവ്വെ 68 1ബി, സർവ്വെ |

| | | | |
|---|---|---|---|
| | | | 90/1) കിടക്കുന്നത്. 990.12 ഏക്കർ ഭൂമിയിൽ പ്രിയദർശിനി ടീ എസ്റ്റേറ്റ് വക ഭൂമിയും ശ്മശാനം, റോഡ് എന്നിവയും പട്ടിക വർഗ്ഗക്കാർക്കായി നിർമാണം നടന്നു വരുന്ന സ്കൂൾ, പട്ടയത്തിന് അപേക്ഷ നൽകിയ 120 പേരുടെ കൈവശ ഭൂമികൾ, ഇതിന് പുറമെ നിയമാനുസൃതം കൈവശം വച്ചു വരുന്ന മറ്റു കൈവശക്കാർ എന്നിവരും ഉൾപ്പെടുന്നതിനാൽ തന്നെ 990.12 ഏക്കർ ഭൂമിയും പ്രത്യേകം സർവ്വെ ചെയ്ത് വേർതിരിച്ച് സ്കെച്ച് തയ്യാറാക്കിയാൽ മാത്രമേ നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സർവ്വെ നടപടികൾ നിലവിൽ ആരംഭിച്ചിട്ടില്ല. ഡിജിറ്റൽ സർവ്വെയിലെ ആദ്യഘട്ടത്തിൽ മക്കിമല ഉൾപ്പെടുന്ന വില്ലേജ് ഉൾപ്പെട്ടിരുന്നില്ല. എന്നാൽ രണ്ടാം ഘട്ടത്തിൽ ടി വില്ലേജ് ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ വേഗത്തിലാക്കി പട്ടയം നൽകുന്നതിനായി രണ്ടാം ഘട്ട ഡിജിറ്റൽ സർവ്വെയിൽ മുന്തിയ പരിഗണന നൽകി മക്കിമല ഉൾപ്പെടുന്ന പ്രദേശം സർവ്വെ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | നിലവിൽ ഈ പ്രദേശത്ത് എത്ര കുടുംബങ്ങളാണ് പട്ടയം അപേക്ഷകരായി ഉള്ളത് എന്ന വിവരം അറിയിക്കാമോ; | (ബി) | നിലവിൽ ഈ പ്രദേശത്ത് 120 പട്ടയ അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. |
| (സി) | പട്ടയത്തിനു അപേക്ഷ സമർപ്പിച്ച മക്കിമല പ്രദേശവാസികൾക്ക് അടിയന്തരമായി പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്ന മുറയ്ക്ക് 1964 ലെ ഭൂപതിവ് ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ